**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ :2365 14.06.2019-ലെ മറുപടിക്ക്

## ഫുഡ് പാർക്കുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര ഫുഡ് പാർക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നുവെന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ; | (എ)രണ്ട് ഫുഡ് പാർക്കുകൾ, കിൻഫ്രയുടെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലും, കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും. |
| (ബി) ഫുഡ് പാർക്കുകൾ വഴി ലക്ഷ്യമിടുന്ന പ്രയോജനങ്ങളുടെ വിശദാംശം നൽകുമോ; | (ബി)ഫുഡ് പാർക്കുകൾ മുഖേന കേന്ദ്രീകൃത ഭക്ഷ്യ സംസ്കരണ കേന്ദ്രങ്ങളും ഭക്ഷ്യ വസ്തുക്കളുടെ മൂല്യ വർദ്ധിത ഉല്പാദനവും അവയുടെ സംസ്കരണവും ശേഖരണവുമാണ് ലക്ഷ്യമിടുന്നത്. ഇതുവഴി കർഷകരെയും ഭക്ഷ്യ സംസ്കരണ മൂല്യ വർദ്ധിത ഉൽപ്പാദകരേയും വിപണനക്കാരെയും ഒരുമിപ്പിച്ചുകൊണ്ട് ഭക്ഷ്യ വസ്തുക്കളുടെ പാഴാക്കൽ കുറയ്ക്കുകയും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഫുഡ് പാർക്കുകളിൽ ഭക്ഷ്യ സംസ്കരണ മൂല്യ വർദ്ധിത പ്ലാന്റുകൾക്കു പുറമേ ഭക്ഷ്യ വസ്തുക്കൾ നശിച്ചു പോകാതെ ദീർഘകാലം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് പ്ലാന്റുകളും വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) വ്യവസായ സംരംഭകരുടെ പ്രോൽസാഹനത്തിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | (സി)സംസ്ഥാനത്ത് വ്യവസായ വാണിജ്യ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക, കേന്ദ്ര സർക്കാരിന്റെ വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക. എന്നീ ലക്ഷ്യങ്ങളോടു കൂടി |

| | |
|---|---|
| | സർക്കാർ, 'ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ്' (EoDB) ആരംഭിച്ചു. കൂടാതെ "ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ്" പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനവും (K-SWIFT) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് K-SWIFT ന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br>കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധന രീതി, സ്പോട്ട് രജിസ്ട്രേഷൻ, തുടങ്ങിയവ ലഭ്യമാകുന്നു.<br>സംസ്ഥാനത്ത് നടപ്പിലാക്കുന്ന "ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിൻമേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ" (IPFC) രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**